പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1243

04.12.2014 ൽ
മറുപടിക്ക്

## ആറന്മുള വിമാനത്താവള പദ്ധതി

ചോദ്യം
ശ്രീ.രാജു എബ്രഹാം :

ഉത്തരം
ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആറന്മുള വിമാനത്താവള പദ്ധതിക്കുവേണ്ടി മണ്ണിട്ട് നികത്തിയ നീർത്തടങ്ങളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് ബഹു.ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ ; | (എ) | ആറന്മുള വിമാനത്താവള പദ്ധതിയ്ക്കു വേണ്ടി മണ്ണിട്ട് നികത്തിയ നീർത്തടങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ ബഹു.ഹൈക്കോടതി 16.06.14 ൽ WP(C) 6519/2014 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ബഹു.ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എത്ര ഏക്കർ സ്ഥലത്തുനിന്നാണ് മണ്ണ് നീക്കം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത് ; നികത്തപ്പെട്ട വയലുകളും നീർത്തടങ്ങളും പൂർണ്ണമായും പൂർവ്വസ്ഥിതിയിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ? | (സി) | മണ്ണ് ഇതുവരെ നീക്കം ചെയ്തു തുടങ്ങിയിട്ടില്ല. 16.06.2014 നാണ് ബഹു.ഹൈക്കോടതിയിൽ നിന്നും വിധിയായത്. ടി തോടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി ഒരു സർവ്വേ ടീമിനെ നിയോഗിക്കുകയും ടി സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. പ്രസ്തുത തോട്ടിലെ മണ്ണ് നീക്കം ചെയ്യുന്നതിന് വഴി സൗകര്യമില്ലാത്ത – താണ്. സ്വാകാര്യ വസ്തുക്കളിലൂടെയാണ് മണ്ണെടുക്കുന്നിടത്തേക്ക് പ്രവേശിക്കേ– ണ്ടത്. മണ്ണ് നീക്കം ചെയ്യുന്നതിന് 1.02 കോടി രൂപ ചെലവ് വരുന്നതും ആയതിന് ഫണ്ട് ലഭിച്ചാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്ന ജോലി ആരംഭിക്കാൻ കഴിയൂ എന്നും മൈനർ |

| | | | | |
|---|---|---|---|---|
| | | | | ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ അറിയിച്ചിരുന്നു. ഈ സമയം ചെങ്ങന്നൂർ കോട്ടയം റെയിൽവേ ലൈനിന്റെ ഇരട്ടിപ്പിക്കൽ ജോലിക്കായി മണ്ണ് ആവശ്യമാണെന്ന് കാണിച്ച് റെയൽവേ അധികൃതർ കത്ത് നൽകിയിരുന്നു. നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് കൂടുതലായതിനാൽ വലിയ വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരും. അത്തരം വാഹനങ്ങൾ ഉപയോഗിക്കുവാൻ നിലവിലെ വഴികൾ അപര്യാപ്തമായതിനാൽ റോഡുകൾ നിർമ്മിച്ച് നൽകണമെന്നും കൂടാതെ റോയൽറ്റി ഒഴിവാക്കി ഉത്തരവ് നൽകുകയും ചെയ്യണമെന്നും എന്നാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്നത് ആരംഭിക്കാൻ കഴിയൂ എന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അടൂർ RDO യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>[signature]<br><br>സെക്ഷൻ ഓഫീസർ |